സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ശക്തമായ മഴ തുടരും

തിരു: സംസ്ഥാനത്ത് ഇന്നും പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്. ഇന്ന് എട്ട് ജില്ലകളിൽ യെല്ലോ അലേർട്ട് പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. കേരള ലക്ഷദ്വീപ് തീരങ്ങളിൽ 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്. കേരളതീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെയുള്ള ന്യൂനമർദ്ദപാത്തി ദുർബലമായിട്ടുണ്ടെങ്കിലും മഴയുടെ ശക്തി കുറയില്ല. വടക്ക് കിഴക്കൻ അറബിക്കടലിനു മുകളിലായി അസ്ന ചുഴലിക്കാറ്റും സ്ഥിതി ചെയ്യുന്നു.

www.swathanthramandapam.com വാല്യം: 59 ലക്കം: 131 2024 സെപ്തംബർ 02 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

അച്ചടക്കമില്ലാത്തവരെ വെച്ചുപൊറുപ്പിക്കില്ല

അൻവറിന്റെ ആരോപണത്തിൽ അന്വേഷണം പ്രഖ്യാപിച്ച് മുഖ്യമന്ത്രി

തിരു : ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പി.വി. അൻവർ എംഎൽഎ ഉയർത്തിയ ആരോപണങ്ങളിൽ അന്വേഷണം പ്രഖ്യാപിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. എഡിജിപി എം.ആർ. അജിത് കുമാർ അടക്കമുള്ളവർക്കെതിരെയുള്ള ആരോപണങ്ങളിൽ ഡിജിപി തല അന്വേഷണമാകും നടത്തുക. ഉന്നത പോലീസ് ഉദ്യോഗസ്ഥൻ തന്നെ ഇത് സംബന്ധിച്ച് അന്വേഷിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അച്ചടക്കത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ വെച്ചുപൊറുപ്പിക്കില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. എം.ആർ.അജിത് കുമാർ പങ്കെടുത്ത പോലീസ് അസോസിയേഷൻ സമ്മേളന വേദിയിലായിരുന്നു മുഖ്യമന്ത്രിയുടെ പ്രഖ്യാപനം.

'ഇപ്പോൾ ഉയർന്നിട്ടുള്ള കാര്യങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട് എല്ലാവർക്കും നല്ല വ്യക്തതയുള്ളതാണ്. ഏത് കാര്യവും അതിന്റെ ശരിയായ മെറിറ്റിൽ പരിശോധിക്കുന്ന നിലയാണുള്ളത്. ഒരു മുൻവിധിയും പ്രകടിപ്പിക്കാറില്ല. ചില പ്രശ്നങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ ഉയർന്നുവന്നിട്ടുണ്ട്. ഉയർന്നുവന്ന പ്രശ്നങ്ങൾ അതിന്റേതായ എല്ലാ ഗൗരവവും നിലനിർത്തികൊണ്ടുതന്നെ കേരളത്തിലെ ഉന്നത റാങ്കിലുള്ള ആൾതന്നെ അന്വേഷിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതേസമയം, പോലീസ് സേനയുടെ അച്ചടക്കം വളരെ പ്രധാനമാണ്. അതിന് നിരക്കാത്ത പ്രവൃത്തികൾ വെച്ചുപൊറുപ്പിക്കാറില്ല. ഇതിന് തുനിയുന്നവർക്ക് അതിന്റെ ഫലം തിക്തമായിരിക്കും എന്ന് ഓർമ വേണം', മുഖ്യമന്ത്രി പറഞ്ഞു.

ഏതൊരു സാഹചര്യത്തിലാണെങ്കിലും അച്ചടക്കത്തിന്റെ ചട്ടക്കൂടിൽനിന്ന് വ്യതിചലിക്കാതെ പ്രവർത്തിക്കാൻ ബാധ്യതപ്പെട്ടവരാണ് പോലീസ്. ഈ തിരിച്ചറിവോടെ പ്രതിപബദ്ധതയാർന്ന സംഘടനാ പ്രവർത്തനം നടത്താൻ കേരള പോലീസ് അസോസിയേഷന് കഴിയുന്നുവെന്നത് ശ്ലാഘനീയമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരള പോലീസിൽ വലിയ മാറ്റങ്ങൾ വരുത്താനായി. രാജ്യത്തെ മികച്ച സേനയായി കേരളത്തിലെ പോലീസ് സേനയെത്തി. മുമ്പൊക്കെ കേരളത്തിൽ ഇടയ്ക്കിടെ ക്രമസമാധാന നിലവിളികൾ ഉയരുമായിരുന്നു. എന്നാൽ, ഇപ്പോൾ എവിടെയും അതുണ്ടായിട്ടില്ല. ക്രമസമാധാനമെന്ന വിഷയം ഒരാൾക്കും ഉന്നയിക്കാനാകാത്ത വിധം ഭദ്രമായ സാമൂഹിക ജീവിതം നിലനിർത്താൻ നമുക്ക് കഴിയുന്നു. അതിൽ സുപ്രധാന പങ്കാണ് പോലീസ് വഹിക്കുന്നത്. ശാസ്ത്രീയമായ കുറ്റാന്വേഷണത്തിലും മികവ് പുലർത്താൻ പോലീസിന് സാധിക്കുന്നുണ്ട്. ലഹരി മരുന്നുകളെ ഇല്ലായ്മ ചെയ്യാൻ മാതൃകാപരമായ ഇടപെടലുകൾ നടത്തുന്നു. കേരളത്തിന് പുറത്തുള്ള റാക്കറ്റുകൾ കണ്ടെത്താൻ പോലീസിനാകുന്നു.

സാമ്പത്തിക കുറ്റകൃത്യങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളിലും ശക്തമായ നടപടി സ്വീകരിക്കുന്നു. എത്ര ഉന്നതനാണെങ്കിലും മുഖംനോക്കാതെ നമ്മുടെ പോലീസ് നടപടിയെടുക്കും എന്ന നിലയുണ്ടായിരിക്കുന്നു. ഇതെല്ലാം വലിയ മാറ്റങ്ങളാണ്. ആർക്കെതിരെയും മുഖംനോക്കാതെ നടപടിയെടുക്കാൻ കേരള പോലീസിന് ഇന്ന് ആരെയും പേടിക്കേണ്ടതില്ല. ഒരു തരത്തിലുള്ള ബാഹ്യ ഇടപെടലുകളും കേസന്വേഷണത്തിൽ വിലങ്ങുതടിയാകുന്നില്ല. അതുകൊണ്ടുതന്നെ സ്റ്റേഷനുകളിൽ പരാതിയുമായി എത്തുന്നവർക്ക് നീതി ലഭിക്കുമെന്ന് ഉറച്ച വിശ്വാസം പൊതുസമൂഹത്തിനുണ്ട്. എന്നാൽ, ഇതിനോട് മുഖംതിരിഞ്ഞ് നിൽക്കുന്ന ചെറിയൊരു വിഭാഗം ഇപ്പോഴുമുണ്ട് എന്നത് ഗൗരവമായി കാണണം. ഇത്തരക്കാരുടെ പ്രവർത്തനമാണ് പോലീസ് നേടിയ സൽപ്പേരിനെ കളങ്കപ്പെടുത്തുന്നത്. ഇത് പലപ്പോഴും സേനയ്ക്കാകെ കളങ്കംവരുത്തിവെക്കുന്ന നിലയിലേക്കെത്തുന്നു. അവരെ സംബന്ധിച്ച് സർക്കാരിന് കൃത്യമായ വിവരമുണ്ട്. അത്തരക്കാരെ കേരളത്തിലെ പോലീസ് സേനയിൽ ആവശ്യമില്ല എന്ന നിലപാടാണ് പൊതുവെ സർക്കാരിനുള്ളത്. ഈ കാഴ്ചപ്പാടോടെ ഇത്തരത്തിലുള്ള പുഴുക്കുത്തുകളെ കേരളത്തിന്റെ ജനകീയ സേനയിൽ നിന്ന് ഒഴിവാക്കാനായിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

കഴിഞ്ഞ എട്ടുവർഷത്തിനിടയൽ ഇത്തരത്തിൽ 108 പോലീസ് ഉദ്യോഗസ്ഥരെ ഒഴിവാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഇല്ലാത്ത നടപടി ഇനിയും തുടരുമെന്നാണ് അറിയിക്കാനുള്ളത്. സത്യസന്ധതയോടെ പ്രവർത്തിക്കുന്നവരാണ് ഏറിയവരും. അത്തരത്തിലുള്ളവർക്ക് കലവറയില്ലാത്ത പിന്തുണ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകും. മുന്നിൽവരുന്ന വിഷയങ്ങളിൽ മനുഷ്യത്വവും നീതിയുമാണ് ഉയർത്തിപ്പിടിക്കേണ്ടത്. സ്വതന്ത്രവും നീതിപൂർവ്വവുമായി പ്രവർത്തിക്കാൻ കഴിയണം. അതിന് പ്രാപ്തരായവരാണ് കേരള പോലീസിലെ അംഗങ്ങളെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ആരോപണങ്ങളെല്ലാം അന്വേഷിക്കട്ടെ, സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്- എഡിജിപി എംആർ അജിത് കുമാർ

കോട്ടയം: തനിക്കെതിരായ ആരോപണങ്ങളെല്ലാം അന്വേഷിക്കട്ടെയെന്നും അന്വേഷണം ആവശ്യപ്പെട്ട് സർക്കാരിന് കത്ത് നൽകിയതായും എഡിജിപി എംആർ അജിത് കുമാർ കോട്ടയത്ത് മാധ്യമങ്ങളോട് പറഞ്ഞു. എഡിജിപിക്കെതിരേ പി.വി.അൻവർ എംഎൽഎ ഉയർത്തിയ ആരോപണങ്ങളിൽ മുഖ്യമന്ത്രി അന്വേഷണം പ്രഖ്യാപിച്ചതിനു പിന്നാലെയായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

പോലീസ് അസോസിയേഷൻ സമ്മേളന വേദിയിൽ മുഖ്യമന്ത്രിയുടെ പ്രസംഗത്തിനു പിന്നാലെ സംസാരിച്ചപ്പോൾ എഡിജിപി മുഖ്യമന്ത്രിയെ പ്രശംസിക്കുകയും തന്റെ നേട്ടങ്ങൾ എണ്ണിപറയുകയും ചെയ്തു. കഴിഞ്ഞ എട്ടുവർഷക്കാലമായി മുഖ്യമന്ത്രി പോലീസ് സേനയോട് അനുഭാവപൂർവ്വമാണ് പെരുമാറയിട്ടുള്ളതെന്ന് പറഞ്ഞ എഡിജിപി, തനിക്കിനി ഇത് പറയാൻ അവസരം ലഭിക്കുമോയെന്ന് അറിയില്ലെന്നും കൂട്ടിചേർത്തു.

പോലീസുകരുടെ എണ്ണത്തിൽ കുറവുണ്ട്. ജോലിഭാരം കൂടിയിട്ടുണ്ട്. സേനയിലെ പ്രശ്നങ്ങളും അത് പരിഹരിക്കാൻ ഉതകുന്ന പ്രപ്പോസലുകളും എഡിജിപി മുന്നോട്ടുവച്ചു. പോലീസുകാർക്ക് സ്വന്തം ഹോം സ്റ്റേഷനിൽ ജോലിനൽകാൻ സാധിക്കുമെങ്കിൽ അതും വേണമെന്നും എംആർ അജിത് കുമാർ പറഞ്ഞു.

പലമാറ്റങ്ങൾക്കും താൻ കാരണമായിട്ടുണ്ട്. ജീവൻ കൊടുത്തും പൊതുജനത്തെ സംരക്ഷിക്കാൻ പോലീസിന് ഉത്തരവാദിത്വമുണ്ട്. എന്ത് ആവശ്യപ്പെട്ടാലും അതിവേഗത്തിൽ നടപടി ലഭിക്കുന്നെന്ന വിശ്വസത്തിലാണ് എല്ലാവരും പോലീസിനെ സമീപിക്കുന്നത്. പോലീസ് ശരിയാണെന്നും സഹായിക്കുമെന്നും ജനങ്ങൾ വിശ്വസിക്കുന്നുണ്ട്. ആ വിശ്വാസത്തിനനുസരിച്ച് ഉയരാനും നിങ്ങൾക്കും എനിക്കും സാധിക്കട്ടെയെന്ന് പറഞ്ഞുകൊണ്ടായിരുന്നു എഡിജിപി പ്രസംഗം അവസാനിപ്പിച്ചത്.

അൻവറിന്റെ ആരോപണങ്ങളിൽ പ്രതിസന്ധിയിലായതോടെയാണ് സർക്കാർ അന്വേഷണത്തിലേയ്ക്ക് നീങ്ങിയത്. എഡിജിപി എം.ആർ. അജിത് കുമാർ അടക്കമുള്ളവർക്കെതിരെയുള്ള ആരോപണങ്ങളിൽ ഡിജിപി തല അന്വേഷണം നടത്തുമെന്നാണ് മുഖ്യമന്ത്രി ഇന്ന് പ്രഖ്യാപിച്ചത്. ഉന്നത പോലീസ് ഉദ്യോഗസ്ഥൻ തന്നെ ഇത് സംബന്ധിച്ച് അന്വേഷിക്കുമെന്നും അച്ചടക്കത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ വെച്ചുപൊറുപ്പിക്കില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

'സോളാർ കേസ് അട്ടിമറിച്ചത് അജിത് കുമാർ, കവടിയാറിൽ കൊട്ടാരം പണിയുന്നു'; വീണ്ടും ആരോപണവുമായി അൻവർ

മലപ്പുറം: സോളാർ കേസ് അട്ടിമറിച്ചതിന് പിന്നിൽ എ.ഡി.ജി.പി. എം.ആർ. അജിത് കുമാറാണെന്ന് പി.വി. അൻവർ എം.എൽ.എ. ഒരു പോലീസ് ഉദ്യോഗസ്ഥനാണ് ഇക്കാര്യം വെളിപ്പെടുത്തിയതെന്നും അദ്ദേഹം പറഞ്ഞു. എ.ഡി.ജി.പി. തിരുവന്തപുരം കവടിയാറിൽ എം.എ. യൂസഫലിയുടെ വീടിനോട് ചേർന്ന് വലിയ കൊട്ടാരം പണിയുന്നുവെന്നും അൻവർ ആരോപിച്ചു.

'കേരളത്തിന്റെ ചരിത്രത്തിൽ ഇടതുപക്ഷം ഏറ്റവും ശക്തമായ സമരം നടത്തിയ കേസായിരുന്നു സോളാർ കേസ്. അതെങ്ങനെ അട്ടിമറിക്കപ്പെട്ടുവെന്ന് ഉന്നത പോലീസ് ഉദ്യോഗസ്ഥൻ തന്നോട് വെളിപ്പെടുത്തി. പാർട്ടിയേയും മുന്നണിയേയും പൊതുസമൂഹത്തേയും നന്നായി വഞ്ചിച്ച് കേസ് അട്ടിമറിച്ചു എന്നാണ് അദ്ദേഹം വെളിപ്പെടുത്തിയത്. അതിന്റെ പ്രധാന ഉത്തരവാദി എം.ആർ. അജിത് കുമാറാണെന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്. അന്വേഷണവുമായി ബന്ധപ്പെട്ട ഒരു ഉദ്യോഗസ്ഥനാവാം അത്. ഇക്കാര്യത്തിൽ അന്വേഷണം വരുമ്പോൾ അത് കണ്ടെത്തട്ടെ', അൻവർ പറഞ്ഞു.

അജിത് കുമാർ കവടിയാറിൽ എം.എ. യൂസഫലിയുടെ ഹെലിപ്പാഡിന് തൊട്ടടുത്ത് വലിയ വീട് നിർമിക്കുന്നുണ്ട്. 10 സെന്റ് അജിത് കുമാറിന്റെ പേരിലും 12 സെന്റ് സഹോദരന്റെ പേരിലും രജിസ്റ്റർചെയ്തിട്ടുണ്ട്. 12,000 സ്കെയർ ഫീറ്റോ 15,000 സ്കെയർ ഫീറ്റോ എന്ന് ഉറപ്പുവരുത്താൻ പറ്റിയിട്ടില്ല. 65 മുതൽ 75 വരെ ലക്ഷം രൂപയാണ് സെന്റിന് വില, അൻവർ പറഞ്ഞു.

ആന്ധ്രാപ്രദേശിലും തെലങ്കാനയിലും കനത്ത മഴ; 24 പേർ മരിച്ചു

ഹൈദരബാദ്: ആന്ധ്രയിലും തെലങ്കാനയിലും കനത്ത മഴ തുടരുന്നു. മഴക്കെടുതിയിൽ 24 പേർ മരിച്ചു. കൃഷ്ണ - കാവേരി നദികൾ കരകവിഞ്ഞ് പലയിടങ്ങളിലും വെള്ളക്കെട്ട് രൂക്ഷമാണ്. നദീ തീരങ്ങളിൽ നിന്ന് ആളുകളെ മാറ്റി താമസിപ്പിച്ചു. ഹൈദരബാദിൽ സ്കൂളുകൾക്കും കോളേജുകൾക്കും അവധി പ്രഖ്യാപിച്ചു. വിജയവാഡയിൽ പ്രളയസമാന സാഹചര്യമുണ്ട്.

ആന്ധ്രയിൽ കനത്ത മഴയെ തുടർന്നുണ്ടായ വെള്ളക്കെട്ടിലും മണ്ണിടിച്ചിലിലും ഇന്നലെ 8പേർ മരിച്ചു. വെള്ളം കയറാൻ സാധ്യതയുള്ള താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളെ സുരക്ഷിത ഇടങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചു. ദേശീയ, സംസ്ഥാന ദുരന്ത നിവാരണ സേനകളും പോലീസും ചേർന്ന് 80 ഓളം ആളുകളെ രക്ഷപ്പെടുത്തി.

മണ്ണിടിച്ചിൽ ദുരിത ബാധിതർക്ക് ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു 5ലക്ഷം രൂപ അടിയന്തര ധനസഹായം പ്രഖ്യാപിച്ചു. അടുത്ത് മൂന്ന് ദിവസങ്ങളിൽ മഴ ശക്തി പ്രാപിക്കാൻ സാധ്യതയുള്ളതിനാൽ മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്ന് മാറ്റിപ്പാർപ്പിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തെലങ്കാനയിൽ കനത്ത മഴയെ തുടർന്ന് താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. ഗ്രാമങ്ങൾ തമ്മിലുള്ള റോഡ് മാർഗം തടസപ്പെട്ടു. ജീവഹാനിയും സ്വത്തുക്കളും നഷ്ടപ്പെടുന്നത് തടയാൻ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിരവധി ട്രെയിനുകൾ റദ്ദാക്കി.

ബലാത്സംഗ കൊലപാതക കേസുകളിൽ നിയമഭേദഗതി; പശ്ചിമ ബംഗാൾ നിയമസഭയുടെ പ്രത്യേക സമ്മേളനം ആരംഭിച്ചു

കൊൽക്കത്ത: ബലാത്സംഗ കൊലപാതക കേസുകളിൽ വധശിക്ഷ ഉറപ്പാക്കുന്ന ബിൽ പാസാക്കാനായി പശ്ചിമ ബംഗാൾ നിയമസഭയുടെ പ്രത്യേക സമ്മേളനം ആരംഭിച്ചു. ആർജി കാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ട്രെയിനി ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് ബിൽ കൊണ്ടുവരുന്നത്.

ആർ ജി കർ മെഡിക്കൽ കോളേജിൽ യുവ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊന്ന സംഭവത്തിൽ മുഴുവൻ പ്രതികളെയും പിടികൂടണമെന്നാവശ്യപ്പെട്ട് പശ്ചിമ ബംഗാളിലെ വിവിധയിടങ്ങളിൽ പ്രതിഷേധങ്ങൾ നടന്നിരുന്നു. ആഗസ്ത് 28 നാണ് പ്രത്യേക സമ്മേളനം നടത്താനുള്ള നിർദ്ദേശം പാസാക്കിയത്. ബലാത്സംഗക്കേസിൽ ശിക്ഷിക്കപ്പെട്ടവർക്ക് വധശിക്ഷ ഉറപ്പാക്കാൻ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി മമത ബാനർജി നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു.

വാൽപ്പാറ ഗവ. കോളേജിൽ കൂട്ട ലൈംഗികാതിക്രമം; രണ്ട് അസി. പ്രൊഫസർമാർ അടക്കം നാലുപേർ അറസ്റ്റിൽ

കോയമ്പത്തൂർ: വാൽപ്പാറ സർക്കാർ കോളേജിലെ കൂട്ട ലൈംഗികാതിക്രമത്തിൽ രണ്ട് അസി. പ്രൊഫസർമാർ ഉൾപ്പെടെ നാല് ജീവനക്കാർ അറസ്റ്റിൽ. കോളേജിലെ അസി. പ്രൊഫസർമാരായ എസ്. സതീഷ്കുമാർ(39), എം. മുരളീരാജ്(33), ലാബ് ടെക്നീഷ്യൻ എ. അൻപരശ്(37), സ്കിൽ കോഴ്സ് ട്രെയിനർ എൻ. രാജപാണ്ടി(37) എന്നിവരെയാണ് വാൽപ്പാറ ഓൾ വിമൻ പോലീസ് അറസ്റ്റ് ചെയ്തത്.

കോളേജിലെ ആറ് വിദ്യാർഥിനികൾക്കുനേരെ ലൈംഗികാതിക്രമം നടത്തിയെന്ന പരാതിയിലാണ് നാല് ജീവനക്കാരെ പോലീസ് പിടികൂടിയത്. പ്രതികളിൽനിന്ന് പലരീതിയിലുള്ള അതിക്രമങ്ങൾ നേരിട്ടതായി വിദ്യാർഥിനികൾ സംസ്ഥാന വനിതാ കമ്മീഷനാണ് ആദ്യം പരാതി നൽകിയത്. പിന്നാലെ ജില്ലാ സാമൂഹിക ക്ഷേമ ഓഫീസർ ആർ. അംബികയും കോളേജിയേറ്റ് എജ്യൂക്കേഷൻ റീജണൽ ജോ. ഡയറക്ടർ വി. കലൈസെൽവിയും വെള്ളിയാഴ്ച കോളേജിൽ നേരിട്ടെത്തി അന്വേഷണം നടത്തി. ഇരുവരുടെയും മുന്നിൽ വിദ്യാർഥിനികൾ പരാതി ആവർത്തിച്ചു. ഇതോടെ പരാതി പോലീസിന് കൈമാറുകയും പ്രതികളായ നാലുപേരെയും അറസ്റ്റ് ചെയ്യുകയുമായിരുന്നു.

കോളേജിലെ വിദ്യാർഥിനികൾക്ക് വാട്സാപ്പ് വഴി അശ്ലീലസന്ദേശങ്ങൾ അയക്കുന്നത് പതിവാണെന്നാണ് പ്രതികൾക്കെതിരായ പ്രധാന ആരോപണം. ക്ലാസ് സമയം കഴിഞ്ഞാലും പ്രതികൾ വിദ്യാർഥിനികളോട് ലാബിൽ നിൽക്കാൻ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് മോശമായി പെരുമാറുകയും ശാരീരികമായി ഉപദ്രവിക്കുകയുംചെയ്തു. ക്ലാസ് സമയത്തും ലാബിലുംവെച്ച് ശരീരത്തിൽ മോശമായരീതിയിൽ സ്പർശിച്ചെന്നും വിദ്യാർഥിനികളുടെ പരാതിയിൽ ആരോപിച്ചിരുന്നു. അറസ്റ്റിലായ നാല് പ്രതികളെയും കോടതിയിൽ ഹാജരാക്കി ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തു.

അർജുന്റെ ഭാര്യ ജോലിയിൽ പ്രവേശിച്ചു; ജൂനിയർ ക്ലാർക്ക് തസ്തികയിൽ നിയമനം

കോഴിക്കോട്: കർണാടക ഷിരൂരിലെ മണ്ണിടിച്ചിലിൽ കാണാതായ അർജുന്റെ ഭാര്യ കൃഷ്ണപ്രിയ ജോലിയിൽ പ്രവേശിച്ചു. വേങ്ങേരി സർവീസ് സഹകരണ ബാങ്കിൽ ജൂനിയർ ക്ലാർക്കായാണ് പ്രവേശനം. കഴിഞ്ഞ ദിവസമാണ് സഹകരണ വകുപ്പ് ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്.

വർഷങ്ങളായി ഈ ബാങ്കിലെ അംഗങ്ങളും ഇടപാടുകാരുമായ അർജുന്റെ കുടുംബവുമായുള്ള ബന്ധം തുടരാനാണ് ഭരണസമിതി ജോലി നൽകാൻ തീരുമാനിച്ചത്. പിന്നാലെ കേരള സർക്കാർ അതിനായി പ്രത്യേക ഉത്തരവിറക്കുകയായിരുന്നു.

അർജുനായുള്ള തെരച്ചിലുമായി ബന്ധപ്പെട്ട് കർണാടക സർക്കാരിൽ വലിയ വിശ്വാസം ഉണ്ടെന്നും ഡ്രെഡ്ജിംഗ് മെഷീൻ ഉടൻ എത്തിക്കുമെന്ന പ്രതീക്ഷയിലാണെന്നും കൃഷ്ണപ്രിയ മാദ്ധ്യമത്തോട് പ്രതികരിച്ചു. ഇതുവരെ പൊതുസമൂഹം നൽകിയ എല്ലാ പിന്തുണയ്ക്കും നന്ദി രേഖപ്പെടുത്തുന്നെന്നും കൃഷ്ണപ്രിയ കൂട്ടിച്ചേർത്തു.

കഴിഞ്ഞ ദിവസം അർജുന്റെ കുടുംബം കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഡ്രെഡ്ജർ എത്തിക്കുമെന്നും ചെലവ് പൂർണമായും സർക്കാർ വഹിക്കുമെന്നും മുഖ്യമന്ത്രി ബന്ധുക്കൾക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. 96 ലക്ഷം രൂപയാണ് ഡ്രെഡ്ജർ എത്തിക്കാൻ ചെലവ് പ്രതീക്ഷിക്കുന്നത്. ഗോവയിൽ നിന്നാണ് ഇത് എത്തിക്കുന്നത്. പുഴയിൽ പ്രവർത്തിപ്പിക്കാൻ വേറെ ചെലവ് വേണ്ടിവരും.

ജൂലായ് 16നാണ് ദക്ഷിണ കന്നഡയിലെ ഷിരൂരിൽ പനവേൽ - കന്യാകുമാരി ദേശീയപാതയിൽ മണ്ണിടിച്ചിലുണ്ടാകുന്നതും അർജുനെ കാണാതാകുന്നതും. 15ന് ബെൽഗാമിൽ നിന്ന് തടിയുമായി എടവണ്ണയിലേക്ക് വരികയായിരുന്നു അർജുൻ.

സ്വർണവില കുറഞ്ഞു; ഗ്രാമിന് 6670 രൂപ

തിരു: സംസ്ഥാനത്ത് സ്വർണ വില കുറഞ്ഞു. പവന് 200 രൂപ കുറഞ്ഞ് വില 53,360 ആയി. ഗ്രാമിന് 25 രൂപയാണ് കുറഞ്ഞത്. ഇതോടെ ഒരു ഗ്രാം സ്വർണത്തിന്റെ വില 6670 രൂപ ആയി. കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടയിലെ ഏറ്റവും താഴ്ന്ന വിലയാണിത്. കഴിഞ്ഞ നാല് ദിവസത്തിനിടെ മാത്രം പവന് 360 രൂപ കുറഞ്ഞു.

ഗ്രാമിന് 45 രൂപയും. 18 കാരറ്റ് സ്വർണ വില ഗ്രാമിന് ഇന്ന് 15 രൂപ കുറഞ്ഞ് 5,530 രൂപയായി. വെള്ളി വില ഒരു രൂപ താഴ്ന്ന് ഗ്രാമിന് 90 രൂപയിലാണ് ഇന്ന് വ്യാപാരം.

യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി

മാള: പൂപ്പത്തിയിൽ യുവാവിനെ തോട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി. കുരുവിലശ്ശേരി സ്വദേശി പുളിക്കത്തറ വീട്ടിൽ ബിന്നി (40) ആണ് മരിച്ചത്.

വാഹനാപകടം: വിദ്യാർത്ഥി മരിച്ചു

വല്ലച്ചിറ: ഷാപ്പ് സ്റ്റോപ്പിന് സമീപം കാറും ബൈക്കും കൂട്ടിയിടിച്ച് വിദ്യാർത്ഥി മരിച്ചു. ഒരാൾക്ക് ഗുരുതര പരിക്ക്. വെള്ളാങ്കല്ലൂർ കുന്നത്തൂർ കോട്ടപ്പുറം വീട്ടിൽ അഭയ് (19) ആണ് മരിച്ചത്

മരവിപ്പ്പടരുന്നു; ആശങ്കയിൽ സിനിമാലോകം

കൊച്ചി: ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട്പുറത്തുവന്നശേഷമുണ്ടായ വിവാദങ്ങളുടെ മരവിപ്പ് സിനിമാരംഗത്തെ ബാധിച്ചുതുടങ്ങി. ഓണക്കാലത്ത് താരചിത്രങ്ങൾ തിയറ്ററിലെത്തുന്നുണ്ടെങ്കിലും പതിവ് പ്രൊമോഷൻ പരിപാടികൾ ആരംഭിച്ചിട്ടില്ല. പുതിയ സിനിമാനിർമാണത്തിനുള്ള ടൈറ്റിൽ രജിസ്ട്രേഷൻ സാരമായി കുറഞ്ഞു. ഷൂട്ടിങ്ങിൽനിന്ന്പ്രധാന താരങ്ങൾ വിട്ടുനിൽക്കുകയാണ് ഹേമ കമ്മിറ്റി റിപ്പോർട്ട്പൂർണരൂപത്തിൽ കോടതിയിലെത്തുമ്പോൾ വിവാദങ്ങൾ വീണ്ടും ഉണ്ടായാൽ സിനിമാവ്യവസായം വലിയ പ്രതിസന്ധിയിലേക്ക്കൂപ്പുകുത്തുമെന്ന് മേഖലയിലുള്ളവർ ഭയക്കുന്നു. പുതിയ സിനിമകൾക്കായുള്ള ചർച്ചപോലും നിലച്ച അവസ്ഥയിലാണെന്ന് തിയറ്റർ ഉടമാ സംഘടനയായ ഫിയോക്കിന്റെ മുൻ ജനറൽ സെക്രട്ടറി കെ വിജയകുമാർ പറഞ്ഞു.

'അജിത് കുമാർ കമ്യൂണിസ്റ്റ് വിരുദ്ധൻ, സരിതയുമായി സൗഹൃദം'; വീണ്ടും ഓഡിയോ പുറത്തുവിട്ട് അൻവർ

മലപ്പുറം: എ.ഡി.ജി.പി. എം.ആർ. അജിത് കുമാറിനെതിരെ വീണ്ടും ശബ്ദസന്ദേശം പുറത്തുവിട്ട് നിലമ്പൂർ എം.എൽ.എ. പി.വി. അൻവർ. ഒരു പോലീസ് ഉദ്യോഗസ്ഥന്റേതെന്ന് അവകാശപ്പെടുന്ന ഓഡിയോയാണ് പുറത്തുവിട്ടത്. സ്വകാര്യതയ്ക്കുവേണ്ടി പേര് വെളിപ്പെടുത്താൻ കഴിയില്ലെന്ന് സംസാരിക്കുന്നയാൾ പറയുന്നു. സ്വകാര്യത വെളിപ്പെടുത്താൻ സാധിക്കാത്തതിനാൽ ശബ്ദത്തിൽ മാറ്റം വരുത്തിയാണ് താൻ സംസാരിക്കുന്നതെന്നും ഓഡിയോയിലുണ്ട്. സോളാർ കേസിൽ പ്രമുഖർ കുറ്റവിമുക്തരാക്കപ്പെട്ടതിലും കരിപ്പൂർ വിമാനത്താവളം കേന്ദ്രീകരിച്ചുള്ള സ്വർണ്ണക്കടത്തിലും സംസ്ഥാനത്തെ പ്രമുഖരുടെ ഫോൺ ചോർത്തുന്നതിലും അജിത് കുമാറിന് പങ്കുണ്ടെന്ന് ആരോപിക്കുന്നതാണ് ഓഡിയോ.

എടവണ്ണയിലെ റിദാൻ വധക്കേസിൽ പ്രതിചേർക്കപ്പെട്ട ഷാനുമായി അവിഹിതബന്ധമുണ്ടായിരുന്നെന്നും അതിന്റ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ദ്രാവിഡ കലാ സാംസ്കാരിക വേദി തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ ഇന്ന് സംഘടിച്ച 2024 ലെ മഹാത്മ അയ്യങ്കാളി കർമ്മ ശ്രേഷ്ഠ അവാർഡ് ഏറ്റുവാങ്ങി പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉൽഘാടനം ചെയ്യുന്നു.ഇടത്ത് നിന്നും ജോസഫ് ടാജറ്റ്, തേറമ്പിൽ രാമകൃഷ്ണൻ,കെ.സി.സുബ്രഹ്മണ്യൻ, വി.എസ്.പ്രിൻസ്, കരീം പന്നിത്തടം,ബിജുആട്ടോർ,ജലീൽആദൂർ.

ആന്റോ വർഗ്ഗീസ് മാസ്റ്റർ അനുശോചനം

ഇരിങ്ങാലക്കുട : സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മുൻ പ്രസിഡണ്ടായിരുന്ന ആന്റോ വർഗ്ഗീസിന്റെ അനുശോചനം കാർഷിക വികസന ബാങ്ക് അങ്കണത്തിൽ നടന്നു. ബാങ്ക് പ്രസിഡണ്ട് തിലകൻ പൊയ്യാറ അധ്യക്ഷത വഹിച്ചു. ഡി. സി. സി. ജനറൽ സെക്രട്ടറി ആന്റോ പെരുമ്പിള്ളി മുഖ്യ പ്രഭാഷണം നടത്തി. ഡി. സി.സി. ജനറൽ സെക്രട്ടറിയും, ബാങ്ക് ഡയറക്ടറും മായ കെ.കെ. ശോഭനൻ, ബ്ലോക്ക് പ്രസിണ്ട.ന്റുമാരായ സോമൻ ചിറ്റേത്ത്, ഷാന്റോ കുരിയൻ, മുൻ ബ്ലോക്ക് പ്രസിഡണ്ട് ടി.വി. ചാർളി, മണ്ഡലം പ്രസിഡണ്ട് സി. എസ്. അബ്ദുൾ ഹഖ്, അഡ്വ. ജോസ് മൂഞ്ഞേലി, സെക്രട്ടറി കെ.എസ്. ശ്രീജിത്ത് എന്നിവർ പ്രസംഗിച്ചു. വൈസ് പ്രസിഡണ്ട് രജനി സുധാകരൻ സ്വാഗതവും ഡയറക്ടർ എ.സി. സുരേഷ് നന്ദിയും പറഞ്ഞു. ബാങ്ക് ഡയറക്ടർമാർ, ജീവനക്കാർ, കോൺഗ്രസ് പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

വിദ്യാധനം സ്കോളർഷിപ്പ്; ആനുകൂല്യം ഒന്നാം ക്ലാസ് മുതൽ ബിരുദതലം വരെ

തൃശൂർ:വനിതകൾ ഗൃഹനാഥരായ കുടുംബത്തിലെ ഒന്നാം ക്ലാസ് മുതൽ ബിരുദ തലം വരെയുള്ള വിദ്യാർഥികൾക്ക് വനിത ശിശു വികസന വകുപ്പിന്റെ വിദ്യാധനം സ്കോളർഷിപ്പിന് അപേക്ഷിക്കാം. ഓൺലൈൻ ആയാണ് അപേക്ഷിക്കേണ്ടത്.ഡി. 15 വരെ സ്വീകരിക്കും. ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകാർക്ക് വർഷം 3,000 രൂപയാണ് സ്കോളർഷിപ്പ്.

6മുതൽ 10 വരെ 5,000 രൂപയും ഹയർ സെക്കൻഡറിയിൽ 7,500 രൂപയും ബിരുദ തലത്തിൽ 10,000 രൂപയും ലഭിക്കും. ബി പി എൽ കുടുംബവും മക്കൾ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്നവരുമാകണം.

എപിഎൽ ആണെങ്കിൽ അർഹതപ്പെട്ട വിഭാഗമാണെന്ന് തെളിയിക്കുന്ന രേഖകൾ വേണം.കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സ്കോളർഷിപ്പ് ലഭിക്കാത്ത വിദ്യാർഥികളെ മാത്രമേ പരിഗണിക്കൂ. കുടുംബത്തിൽ പരമാവധി രണ്ട് കുട്ടികൾക്ക് അപേക്ഷിക്കാം.

ഭർത്താവ് ഉപേക്ഷിച്ചവർ, ഭർത്താവിനെ കാണാതായി ഒരു വർഷം പിന്നിട്ടവർ, നിയമപരമായ വിവാഹത്തിലൂടെ അല്ലാതെ അമ്മയായവർ,ഭർത്താവിന് നട്ടെല്ലിന് ക്ഷതമോ പക്ഷാഘാതമോ നിമിത്തം ജോലി ചെയ്യാനാകാത്ത വിധം കിടപ്പിലായ കുടുംബത്തിലെ സ്ത്രീകൾ തുടങ്ങിയവർക്ക് അപേക്ഷിക്കാം.

അഭിഭാഷകർക്ക് ഒരു ദിവസത്തെ പുതിയ ക്രിമിനൽ നിയമത്തിന്റെ പഠന ക്ലാസ് നടത്തി

ചാവക്കാട്: ചാവക്കാട് ബാർ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ അഭിഭാഷകർക്ക് ഒരു ദിവസത്തെ പുതിയ നിയമത്തിന്റെ പഠന ക്ലാസ് നടത്തി.ജസ്റ്റിസ് ആർ നാരായണ പിഷാരടി അവർകൾ ക്ലാസ് എടുത്തു ജില്ല ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോർട്ട് ജഡ്ജ് അൻയാസ് തയ്യിൽ ഉദ്ഘാടനം ചെയ്തു.ചാവക്കാട് ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ തേർളി അശോകൻ അധ്യക്ഷത വഹിച്ചു. ചാവക്കാട് സബ് കോർട്ട് ജഡ്ജ് വി വിനോദ്, മുൻസിഫ് ഡോ അശ്വതി അശോക് ആശംസകൾ അർപ്പിച്ചു. സെക്രട്ടറി അഡ്വ അക്തർ അഹമ്മദ്, ട്രഷറർ അഡ്വ പ്രത്യൂഷ് ചൂണ്ടലത്ത്, അഡ്വ സിജു മുട്ടത്ത്, അഡ്വക്കെറ്റ്മാരായ പി എസ് ബിജു, നിഷ സി, കവിത മോഹൻദാസ്, അനീഷ ശങ്കർ, ഫ്രെഡി പയസ്, ജന്യ ചന്ദ്രൻ, മഹിമ രാജേഷ് അഡ്വ സുഭാഷ്കുമാർ എന്നിവർ പ്രസംഗിച്ചു.

ഭാഗ്യക്കുറി ജിഎസ് ടി യിൽ നിന്ന് ഒഴിവാക്കണം: ലോട്ടറി ഏജന്റ്സ് ആൻഡ് സെല്ലേഴ്സ് യൂണിയൻ

തൃശ്ശൂർ : സംസ്ഥാന ഭാഗ്യക്കുറിയെ ജി എസ് ടി യിൽ നിന്ന് ഒഴിവാക്കണമെന്ന് ലോട്ടറി ഏജൻസ് ആൻഡ് സെല്ലേഴ്സ് യൂണിയൻ(സിഐടിയു) ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. സിഐടിയു ജില്ലാ പ്രസിഡണ്ട് കെ കെ രാമചന്ദ്രൻ എംഎൽഎഉദ്ഘാടനം ചെയ്തു.യൂണിയൻ ജില്ലാ പ്രസിഡണ്ട് എം കെ ബാലകൃഷ്ണൻ അധ്യക്ഷനായി. സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം എം വി ജയരാജൻ. ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി ടി ബി സുബൈർ. യൂണിയൻ ജില്ലാ സെക്രട്ടറി ടി ബി ദയാനന്ദൻ. ടി സുധാകരൻ. എം ആർ രാജൻ. ബി എസ് അഫ്സൽ. പിപി അനിരുദ്ധൻ. സി ജി ദിവാകരൻ. ടി ആർ രഞ്ജിത്ത്. ഇ എസ് അനിൽകുമാർ. പി വി നോദ് കുമാർ. കെ വി ഷാജി. എം കെ പ്രതാപൻ. എ വി ചന്ദ്രൻ. കെ ആർ ശശി. കെ എച്ച് ജമീല. എന്നിവർ സംസാരിച്ചു.ഭാരവാഹികൾ പി കെ പുഷ്പാകരൻ (പ്രസിഡന്റ്) ടി ബി ദയാനന്ദൻ (സെക്രട്ടറി) കെ എം അഷറഫ് (ട്രഷറർ)

328 വിവാഹങ്ങൾ, ഗുരുവായൂരിൽ റെക്കോർഡ്

ഗുരുവായൂർ : ഗുരുവായൂർ ക്ഷേത്രത്തിൽ സെപ്റ്റംബർ 8 ഞായറാഴ്ച 328 വിവാഹങ്ങൾ ശീട്ടായി. ഇനിയും എണ്ണം വർധിച്ചേക്കും. വിവാഹങ്ങളുടെ എണ്ണത്തിൽ ഇത് റെക്കോർഡ് ആകും. ഇതിനു മുൻപ് 277 വിവാഹങ്ങൾ നടന്നതാണ് റെക്കോർഡ്. ക്ഷേത്രത്തിനു മുന്നിലെ 4 കല്യാണ മണ്ഡപങ്ങളിലാണ് ഇപ്പോൾ ചടങ്ങു നടക്കുന്നത്. തിരക്കുള്ളപ്പോൾ ഉപയോഗിക്കാൻ വേണ്ടി മറ്റൊരു താൽക്കാലിക മണ്ഡപം കൂടിയുണ്ട്. കൃത്യമായ ആസൂത്രണത്തോടെ വിവാഹം നടത്താൻ സംവിധാനം ഒരുക്കിയില്ലെങ്കിൽ ക്രമാതീതമായ തിരക്കു മൂലം വിവാഹ പാർട്ടികൾക്കും, മറ്റു ഭക്തജനങ്ങൾക്കും വളരെ ബുദ്ധിമുട്ടായിരിക്കും അനുഭവപ്പെടുക.

മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി പ്രതിനിധി ടെൽസൺ കോട്ടോളിക്ക് സ്വീകരണം

ഇരിങ്ങാലക്കുട . അഖില കേരള കത്തോലിക്ക കോൺഗ്രസ് അഗഇഇ യുടെ നേതൃത്വത്തിൽ സിറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ എസംബ്ലിയിൽ ഇരിങ്ങാലക്കുട രൂപതയുടെ അത്മായ പ്രതിനിധിയായി പങ്കെടുത്ത ടെൽസൺ കോട്ടോളിക്ക് സ്വീകരണീ നൽകി. കത്തോലിക്ക കോൺഗ്രസ് വൈസ് പ്രസിഡന്റ് ജോസ് മാമ്പിള്ളി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ട്രഷറർ വിൻസൻ കോമ്പാറക്കാരൻ, ഡേവിസ് ചക്കാലക്കൽ, റോബി കാളിയങ്കര, സാബു കൂനൻ, പി.ടി. ജോർജ്, പി.ആർ.ഒ.

റൈസൻ കോലങ്കണ്ണി, എന്നിവർ പ്രസംഗിച്ചു.പാല രൂപതയിൽ വെച്ച് നാല് ദിവസം നിണ്ടു നിന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ എസംബ്ലിയിൽ ഉയർന്ന് വന്ന വിഷയങ്ങളെ സംബന്ധിച്ചും, ആധികാരിക പഠനങ്ങളെ സംബന്ധിച്ചു്,എസംബ്ലി പുറത്തിറക്കിയ രേഖയെ സംബന്ധിച്ചും ടെൽസൻ കോട്ടോളി മറുപടി പ്രസംഗത്തിൽ സംസാരിച്ചു.

കോൺഗ്രസ് കുന്നംകുളം മണ്ഡലം മുൻ സെക്രട്ടറി ആയിരുന്ന സി. ജഗന്നിവാസൻ നായരുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ജഗന്നിവാസൻ നായരുടെ ഓർമ്മയ്ക്കായുള്ള സ്മരണിക ഫലകം പത്നി മാധവിക്കുട്ടി അമ്മയ്ക്കു കൈമാറുന്നു.

യാത്രയയപ്പ് നൽകി

ഇരിങ്ങാലക്കുട: വർഷങ്ങളോളം വക്കീൽ ഗുമസ്തനമായി ജോലി ചെയ്ത് കെ എൽ സിഎ ഇരിങ്ങാലക്കുട യൂണിറ്റ് മുഖേന ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റി, ജോലിയിൽ നിന്നും വിരമിക്കുന്ന ടി ഉണ്ണികൃഷ്ണന് കേരള ലോയേഴ്സ് ക്ലാർക്ക് അസോസിയേഷൻ ഇരിങ്ങാലക്കുട യൂണിറ്റ് യാത്രയയപ്പ് നൽകി. കെ എൽ സിഎ ഇരിങ്ങാലക്കുട യൂണിറ്റിനുവേണ്ടി പ്രസിഡണ്ട് കെ മുരളീധരൻ ഉപഹാരസമർപ്പണം നടത്തി. ടി ഉണ്ണികൃഷ്ണൻ കേരളത്തിലെ വക്കീർ ക്ലർക്കുമാർക്ക് ഒരു മാതൃകയാണെന്ന് ആശംസാപ്രസംഗത്തിൽ സംസ്ഥാന വൈ. പ്രസിഡണ്ട് സി ഡി പ്രദീപൻ സൂചിപ്പിച്ചു. സംസ്ഥാന കൗൺസിൽ അംഗം അഡ്വ. കെ എൽ സെബാസ്റ്റ്യൻ, ജില്ലാ ട്രഷറർ ഷാജി ഐക്കര, യൂണിറ്റ് വൈസ് പ്രസിഡണ്ട് കെ ജെ രാധാകൃഷ്ണൻ, യൂണിറ്റ് കമ്മിറ്റി അംഗം സുരേഷബാബു, സീനിയർ ക്ലർക്കുമാരായ സതീശൻ തലപ്പുലത്ത്, കെ ഒ ആന്റോ എന്നിവർ ആശംസകൾ നേർന്നു.

ഉപഹാരം ഏറ്റുവാങ്ങി വിരമിക്കുന്ന ടി ഉണ്ണികൃഷ്ണൻ മറുപടി പ്രസംഗം നടത്തി. യൂണിറ്റ് സെക്രട്ടറി പി സി രാജീവ് സ്വാഗതം പറഞ്ഞു. യൂണിറ്റ് കമ്മിയംഗം പ്രബിത നന്ദിയും പറഞ്ഞു.

പുത്തൂർ സ്വജൽധാര പദ്ധതി കയ്യേറി എന്ന്

തൃശ്ശൂർ: പുത്തൂർ പഞ്ചായത്തിലെ സ്ത്രീകൾ മുൻകൈയെടുത്ത് നടത്തുന്ന സ്വജൽധാര ശുദ്ധജല വിതരണ പദ്ധതിയുടെ കിണർ നിൽക്കുന്ന സ്ഥലം സ്വകാര്യ വ്യക്തിയുടെ സ്ഥലം എന്ന രീതിയിൽ പഞ്ചായത്ത് വാങ്ങി മറ്റൊരു കുടിവെള്ള പദ്ധതിക്ക് കിണർ കുഴിച്ചതായി ജില്ലാ കളക്ടർക്ക് പരാതി.

30 സെൻറ് സ്ഥലം ഉണ്ടായിരുന്ന രാധാകൃഷ്ണൻ എന്ന വ്യക്തിയുടെ ദീർഘചതുരത്തിലുള്ള സ്ഥലത്തിന്റെ കിഴക്ക് ഭാഗത്തെ 3 സെൻറ് സ്ഥലം 2004 ൽ സ്വജൽധാര പദ്ധതിക്കായി തങ്ങൾ വാങ്ങി എന്നും അവിടെ 2007ൽ കേന്ദ്രസർക്കാരിന്റെയും കുടിവെള്ള പദ്ധതിയുടെ സമിതിയിൽപ്പെട്ട കുടുംബങ്ങളുടെയും പണം ഉപയോഗിച്ച് 7.8 ലക്ഷം രൂപയ്ക്ക് കുടിവെള്ള പദ്ധതി നടപ്പാക്കി പഞ്ചായത്തിലെ പത്തും പതിനൊന്നും വാർഡുകളിലെ 32 കുടുംബങ്ങൾക്ക് ജലം വിതരണം ചെയ്യുന്നു എന്നാണ് സംഘത്തിലെ സ്ത്രീകൾ പറയുന്നത്.

മൊബൈലിലൂടെ ദൂരെ സ്ഥലത്തുനിന്ന് പദ്ധതിയുടെയും മോട്ടർ പ്രവർത്തിപ്പിക്കന്നു രീതി ശ്രദ്ധ നേടുയിരുന്നു.

പഞ്ചായത്ത് കയ്യേറി എന്ന് ആരോപിക്കുന്ന കുടിവെള്ള പദ്ധതിയുടെ സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്ന് പോക്ക് വരവ് നടത്തി വാങ്ങാതെയാണ് കുടിവെള്ള പദ്ധതിക്കായി പ്രസ്തുത സ്ഥലത്ത് കിണർ നിർമ്മിച്ചിട്ടുള്ളത് എന്ന ഗൗരവതരമായ പരാതിയും സ്വജൽധാര പദ്ധതിയുടെ നടത്തിപ്പുകാരായ സ്ത്രീകൾ ഉന്നയിക്കുന്നു.

പഞ്ചായത്ത് സ്വകാര്യ വ്യക്തിയിൽ നിന്ന് വാങ്ങിയ സ്ഥലത്തിൻറെ ആധാരത്തിൽ കൃത്രിമമായി വിവരങ്ങൾ ചേർത്തിട്ടുണ്ട് എന്നും അതുകൊണ്ടുതന്നെ ആധാരം റദ്ദ് ചെയ്യണം എന്നാണ് സ്വജൽധാര പദ്ധതി നടത്തിപ്പുകാർ ജൂലൈ 25ന് കളക്ടർക്ക് നൽകിയ പരാതിയിൽ പറയുന്നത്.

സ്ഥലവുമായി ബന്ധപ്പെട്ട ആധാരങ്ങളുടെ ശരിപ്പകർപ്പിൽ പറയുന്ന നാലതിരുകളും തങ്ങളുടെ വാദം സാധൂകരിക്കുന്ന രേഖയായും അധികൃതർക്ക് സമർപ്പിച്ചിട്ടുണ്ട് എന്നു സ്വജൽധാര നടത്തിപ്പുകാർ പറഞ്ഞു.

പ്രസ്തുത സ്ഥലത്തിന്റെ പോക്കുവരവ് ഇതുവരെ നടന്നിട്ടില്ല എന്നാണ് പുത്തൂർ വില്ലേജ് അധികൃതരിൽ നിന്ന് തനിനിറത്തിന് ലഭ്യമായ വിവരം. വിഷുമായി ബന്ധപ്പെട്ട പോക്കുവരവിനായി കൂടുതൽ രേഖകൾ പരിശോധിക്കണമെന്നും അവർ പറഞ്ഞു.

എന്നാൽ സ്വജൽധാര നടത്തിപ്പുക്കാർ തെറ്റായ ആരോപണമാണ് ഉന്നയിക്കുന്നത് എന്നും അനാവശ്യമായി പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ് എന്നും പഞ്ചായത്തിന് സ്ഥലം വില്പന നടത്തിയ പള്ളിയാരടിയിൽ ജോഷി പറഞ്ഞു. സ്വജലധാര നടത്തിപ്പുകാർക്ക് വിഷയത്തിൽ കോടതിയിൽ സമീപിക്കാം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സ്ഥലം പരിശോധിച്ചുവെന്നും പ്രാഥമികമായി തങ്ങൾ വാങ്ങിയ ഭൂമി സംബന്ധിച്ച് മറ്റു വിഷയങ്ങൾ നിലനിൽക്കുന്നില്ല എന്നാണ് പുത്തൂർ പഞ്ചായത്ത് അധികൃതർ പറയുന്നത്. എന്നാൽ സ്ഥലത്തിന്റെ പോക്കുവരവ് നടത്തിയിട്ടുണ്ടോ എന്ന കാര്യത്തിൽ കൂടുതൽ പരിശോധനകൾക്ക് ശേഷം മാത്രമേ മറുപടി നൽകാൻ സാധിക്കുകയുള്ളൂ എന്ന് പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് തനിത്തോട് പറഞ്ഞു.

നിര്യാതയായി

അമ്മിണി

ഇരിങ്ങാലക്കുട : വെസ്റ്റ് കോമ്പാറ പള്ളിപ്പാട്ട് തോമസിന്റെ ഭാര്യ അമ്മിണി (72) നിര്യാതയായി മക്കൾ: പരേതനായ ജോമി, ജോണി, ജിത്തു. മരുമക്കൾ: സിമി, റോസ് സംസ്ക്കാരം ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ സെമിത്തേരിയിൽ നടത്തി.

ഗോൾഡ് മെഡലോടെ ഒന്നാം റാങ്ക് കരസ്ഥമാക്കി നിവിയ രജിത്ത്

ഇരിങ്ങാലക്കുട : അമൃത വിശ്വ വിദ്യാപീഠത്തിൽ നിന്ന് അഞ്ചു വർഷ ഇന്റഗ്രേറ്റഡ് എം എ ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ഗോൾഡ് മെഡലോടെ ഒന്നാം റാങ്ക് കരസ്ഥമാക്കി പടിയൂർ സ്വദേശിനിയായ നിവിയ രജിത്ത്. പടിയൂർ പുളിക്കൽചിറ സ്വദേശി കാവല്ലൂർ രജിത്തിന്റെയും ഇന്ദുവിന്റെയും മകളാണ് നിവിയ.

അധ്യാപക-രക്ഷാ കർതൃ സംഘടന പൊതുയോഗം

ഇരിഞ്ഞാലക്കുട: സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപക-രക്ഷാ കർതൃ സംഘടന പൊതുയോഗം നടത്തി. പി ടി എ പ്രസിഡന്റ് ബൈജു കുവപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സ്കൂൾ മാനേജർ വെരി റവ ഡോ പ്രൊഫ. ലാസർ കുറ്റിക്കാടൻ ഉൽഘാടനം ചെയ്തു. ഡിമ്പിൾ റീഷ ബോധ വൽക്കരണ ക്ലാസ് നയിച്ചു. ജിജി ജോർജ്, റിപ്പോർട്ട് അവതരിപ്പിച്ചു. ബാബു ജോസ്, ആശംസകൾ അറിയിച്ചു ടീച്ചർമാരായ എ. ടീ ഷാലി, മേരി ആന്റണി കണക്കുകൾ അവതരിപ്പിച്ചു. പ്രിൻസിപ്പാൾ ആൻസൺ ഡൊമിനിക് സ്വാഗതവും ഗ്ലാഡി ടീച്ചർ നന്ദിയും പറഞ്ഞു. പുതിയ പ്രസിഡണ്ടായി ബൈജു കൂവപ്പറമ്പിൽ, വൈസ് പ്രസിഡണ്ടായി ഷാജു സി ജെ യെയും തിരഞ്ഞെടുത്തു.

നാഷണൽ ആയുഷ് മിഷൻ കേരളം വയോജന (ഹോമിയോ) മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

പുതുക്കാട്: ഗ്രാമപഞ്ചായത്തിന്റെയും പുതുക്കാട് ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോ) യുടെയും സംയുക്ത ആഭിമുഖ്യത്തിൽ പുതുക്കാട് പഞ്ചായത്തിലെ തണൽ സംഘങ്ങളുടെ സഹകരണത്തോടെ പുതുക്കാട് സെന്റ് ആന്റണീസ് ചർച്ച് മിനി പാരീഷ് ഹാളിൽ വെച്ച് വയോജനങ്ങൾക്കുള്ള ക്യാമ്പും പുതുക്കാട് വ്യാപാരി വ്യവസായി കോപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സഹകരണ ലാബിന്റെ സഹായത്തോടെ സൗജന്യ രക്തപരിശോധന (HB, ഷുഗർ) നടത്തി. ക്യാമ്പിന്റെ ഉത്ഘാടനം പുതുക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ എം ബാബുരാജ് നിർവ്വഹിച്ചു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സോമസുന്ദരൻ, വൈസ് പ്രസിഡന്റ് ഷൈനി ജോജു, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സെബി കൊടിയൻ, മെഡിക്കൽ ഓഫീസർ ഹോമിയോ പുതുക്കാട് - ഡോ. മീനു. വി, മെമ്പർമാരായ ആൻസി ജോബി ഷാജുകാളിയര, ഫിലോമന ഫ്രാൻസീസ്, സജീവൻ സി പി, ടി കെ ചാക്കുണ്ണി എന്നിവർ സംസാരിച്ചു. നൂറോളം പേർ പങ്കെടുത്ത ക്യാമ്പിൽ ബോധവൽക്കരണ ക്ലാസും നടത്തിയിരുന്നു.

പിവി അൻവർ എംഎൽഎയുടെ ആരോപണം : സമഗ്ര അന്വേഷണം വേണം: നാഷണൽ ലീഗ്

തൃശൂർ : ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പിവി അൻവർ എംഎൽഎ ഉയർത്തിയ വിഷയം അതീവ ഗൗരവമുള്ളതാണെന്നും, സമഗ്ര അന്വേഷണം നടത്തി നിജസ്ഥിതി പൊതുസമൂഹത്തെ ബോധ്യപ്പെടുത്തണമെന്നും നാഷണൽ ലീഗ് തൃശൂർ ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എംഎൽഎ പുറത്ത് വിട്ട തെളിവുകൾ പരിശോധിക്കണം, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വഴി വിട്ട പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകളും അന്വേഷണ വിധേയമാക്കണമെന്നും നേതാക്കൾ പറഞ്ഞു.

വർഗീയതക്ക് ഇടമില്ലാത്ത കേരളത്തിൽ തൃശ്ശൂർ പൂരം മറയാക്കി ബിജെപിക്ക് വിജയിക്കാനാവശ്യമായ സഹായങ്ങൾ ഉന്നത പോലീസ് ഉദ്യോഗസ്ഥർ തന്നെ ഒരുക്കിയെന്നത് അതീവ ഗൗരവതരമാണ്, ഇതിന് പിന്നിലെ ഗൂഢാലോചന പുറത്തുവരണം. കൂടാതെ കടുത്ത വർഗീയവാദിയും ഇടതുപക്ഷ വിരുദ്ധനുമായ ഷാജൻ സ്കറിയയെ പോലുള്ളവരെ ഉന്നത പോലീസ് ഉദ്യോഗസ്ഥർ സംരക്ഷിക്കുന്നു എന്നതടക്കമുള്ള എംഎൽഎയുടെ ആരോപണങ്ങൾ മതനിരപേക്ഷ കേരളത്തെ ഞെട്ടിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ശക്തമായ അന്വേഷണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.

വയനാട് ദുരന്തബാധിത മേഖലയിൽ ഫയർ ആൻഡ് റെസ്ക്യൂ ടീമിന്റെ ഭാഗമായി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട നാഷണൽ യൂത്ത് ലീഗ് ജില്ലാ പ്രസിഡണ്ട് സൈഫുദ്ദീൻ വട്ടേക്കാടിനെ യോഗം ആദരിച്ചു. ജില്ലാ കമ്മിറ്റി ഓഫീസിൽ ചേർന്ന കൗൺസിൽ യോഗം സംസ്ഥാന സെക്രട്ടറി ജെയിംസ് കാഞ്ഞിരത്തിങ്കൽ ഉദ്ഘാടനം ചെയ്തു, ജില്ലാ വർക്കിംഗ് പ്രസിഡണ്ട് സയ്യിദ് ഷബീൽ ഐദ്റൂസി തങ്ങൾ അധ്യക്ഷനായിരുന്നു.

ഓർഗനൈസിംഗ് സെക്രട്ടറി നൗഷാദ് കടപ്പുറം, ട്രഷറർ ഷറഫുദ്ധീൻ എടക്കഴിയൂർ, സഹഭാരവാഹികളായ മജീദ് വെങ്കിടങ്, സെയ്ദ് വാടാനപ്പിള്ളി, നസ്റുദീൻ മജീദ്, ഷംസുദ്ധീൻ ഹാജി കാരെങ്ങൽ, കൗൺസിൽ അംഗങ്ങളായ പികെഎ വഹാബ്, ലിജോ ജോസ്, ഷാജു തൃശൂർ, മാലതി നാട്ടിക, ഇ എസ് ജാഫർ തുടങ്ങിയവർ സംസാരിച്ചു.

ക്ലോത്ത് ബാങ്ക് പ്രൊജക്റ്റ്

വാടാനപ്പിള്ളി: ലയൺ ഡിസ്ട്രിക്ട് 318 ഡി യുടെ ക്ലോത്ത് ബാങ്ക് പ്രൊജക്റ്റ്പ്രകാരം 21 ക്ലബ്കളിൽ നിന്നും സ്വീകരിച്ച വസ്ത്രങ്ങളിൽ ഒരു ഭാഗം എങ്ങണ്ടിയൂർ കരുണം പാലിയേറ്റീവ് സെന്റർ മാനേജർ സജനി ചന്ദ്രന് ക്ലോത്ത് ബാങ്ക് കോർഡിനേറ്റർ ലയൺ പീതാംബരൻ രാരമ്പത്ത് നൽകി. റീജിയൺ 2 സോൺ ചെയർപേഴ്സൺ ലയൺ പി.എസ് ഉണ്ണികൃഷ്ണൻ. MJF പദ്ധതി വിശദീകരണം നടത്തി. എങ്ങണ്ടിയൂർ ലയൺസ് ക്ലബ് പ്രസിഡന്റ് പി ആർ. മോഹൻദാസ് MJFസ്വാഗതവും, വാടാനപള്ളി ലയൺസ് ക്ലബ് ട്രഷറർ ലയൺ ടി ആർ. സലിം ലയൺ ആശംസയും നൽകി. എക്സിക്യൂട്ടീവ് മെമ്പർമാരായ ലയൺ ടി ആർ ഗിരീന്ദ്രൻ, ലയൺ സുഭാഷ് ചന്ദ്രൻ, ലയൺ സുഷിൽകുമാർ, ഗോപി,എന്നിവർ നേതൃത്വം നൽകി

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

MC: 39/2024

കുന്നംകുളം താലൂക്ക് വെള്ളറക്കാട് വില്ലേജ് നെല്ലിക്കുന്ന് പള്ളിമേപ്പുറം ദേശത്ത് തോട്ടുങ്ങൽ പീടികയിൽ ഫൈസൽ ഭാര്യ 26 വയസ് സുൽഫത്ത്

-ഹരജിക്കാരി

കുന്നംകുളം താലൂക്ക് ചിറമനങ്ങാട് വില്ലേജ് നീണ്ടൂർ ദേശത്ത് തോട്ടുങ്ങൽ പീടികയിൽ അബൂബക്കർ മകൻ 34 വയസ് ഫൈസൽ

-എതൃകക്ഷി

മേൽ നമ്പർകേസ് ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ **12-09-2024** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. എതൃകക്ഷിക്ക് ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം ഹാജരായി കാലത്ത് 11 മണിക്ക് കുന്നംകുളം കുടുംബകോടതി മുമ്പാകെ ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസ് തീർപ്പ്കല്പിക്കുമെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 30-08-2024

ഹരജിഭാഗം അഡ്വക്കെറ്റ്

PRAMJI PAUL VAZHAPPILLY

(ഒപ്പ്)

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

OP: 2434/2023

സജ്ന

-ഹരജിക്കാരി

സുഹൈൽ എം എം S/o. മാമുണ്ണി, അറക്കൽ ഹൗസ്, എടക്കഴിയൂർ, എടക്കഴിയൂർ വില്ലേജ്, തൃശൂർ, പിൻ-680515

-എതൃകക്ഷി

ടി എതിർകക്ഷിക്കുള്ള സമൻസ് കല്പന ടിയാന്റെ വാസസ്ഥലത്തും ഈ കോടതിയിലും പതിച്ചുനടത്തുവാൻ അനു